# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2023- 24

## CLASS VIII (2nd Lang.), MALAYALAM

## മലയാളം

**Time allowed: 2½Hours** **Maximum Marks: 80**

അനുവദിച്ച സമയം: **2½**മണിക്കൂർ ആകെ മാർക്ക് :80

**Date: 24-09-2023**

---

❖ **Please check this question paper contains 7 printed pages and 17 questions.**

---

**1)** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചിട്ട് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക

മനുഷ്യർക്ക് ജന്മസിദ്ധമാണ് കഥ കേൾക്കാനുള്ള താൽപര്യം. മനുഷ്യനും മനുഷ്യനും തമ്മിലും, മനുഷ്യനും പ്രപഞ്ചവും തമ്മിലും ഉള്ള ബന്ധമാണല്ലോ കഥകളിൽ പ്രതിഫലിക്കുന്നത്. അതിനാൽ മനുഷ്യനെ സന്തോഷിപ്പിക്കാനും തൃപ്തിപ്പെടുത്താനും ആവേശം കൊള്ളിക്കാനും പുതിയ ജീവിതവഴിത്താര തുറന്നു കൊടുക്കാനും കഥകൾക്കു കഴിയുന്നുണ്ട്. മനുഷ്യനിൽ അന്തർലീനമായിക്കിടക്കുന്ന ആസ്വാദനമനോഭാവവും ജീവിതബോധവും ഉത്തമമായ കഥാശ്രവണംകൊണ്ട് സമ്പുഷ്ടമാകുന്നു. കുട്ടികൾ കഥ കേൾക്കാൻ താൽപര്യമുള്ളവരാണ്. മനുഷ്യജീവിതത്തെക്കുറിച്ചും ലോകസംഭവങ്ങളെക്കുറിച്ചും കൂടുതൽ അറിയാനുള്ള ആഗ്രഹമാണ് ഇതിനു കാരണം. ഈ താൽപര്യം കൂടുതൽ പ്രയോജനകരമായ ചാനലുകളിലേയ്ക്ക് തുറന്നു വിടുക കഥകളുടെ ലക്ഷ്യമാകുന്നു. താരാട്ടു പാട്ടുകളോടൊപ്പം മുത്തശ്ശിക്കഥകളും ബാലമനസ്സിൽ നിറം പിടിച്ചു നിൽക്കുക സ്വാഭാവികമാകുന്നു. മുത്തശ്ശിക്കഥകളുടെ സാരസ്യം കുട്ടികളുടെ ഹൃദയത്തിൽ നിന്ന് ഒരിക്കലും വിട്ടു പോകുന്നില്ല.

കഥ രസകരമാണെങ്കിൽ അത് കേൾക്കുന്ന കുട്ടികൾക്ക് ഒരിക്കലും ഉദാസീനമനോഭാവം ഉണ്ടാകില്ല. കഥകൾക്ക് വിദ്യാഭ്യാസത്തിൽ ഉന്നതമായ അവസ്ഥയാണുള്ളത്.

ചോദ്യങ്ങൾ **(5 x 1= 5)**

1) കഥകളിൽ പ്രതിഫലിക്കുന്നതെന്ത്?
2) ഉത്തമമായ കഥാശ്രവണംകൊണ്ട് സാധ്യമാകുന്നതെന്ത്?
3) കുട്ടികൾ കഥ കേൾക്കാൻ താൽപര്യപ്പെടുന്നത് എന്തുകൊണ്ട്?
4) മുത്തശ്ശിക്കഥകൾ ബാലമനസ്സിൽ നിറം പിടിച്ചു നിൽക്കാൻ കാരണമെന്ത്?
5) ആർക്കാണ് കഥ കേൾക്കാൻ താൽപര്യമുള്ളത്?

**2)** താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക **(12x ½= 6)**

1) 'അമ്മമ്മ' എന്ന കൃതി എഴുതിയതാര്?
(ഇ വി കൃഷ്ണപിള്ള, പി. സുരേന്ദ്രൻ, യൂസഫലി കേച്ചേരി)
2) ഏതുടവാളിന്റെയും കൊടുവായ്ത്തല മടക്കാൻ ശേഷിയുള്ളത് എന്തിനാണ്?
(ഹിംസാമണിച്ചട്ടയ്ക്ക്, അഹിംസാമണിച്ചട്ടയ്ക്ക്, ദയാവായ്പിന്)
3) 'ശാശ്വതമഹിംസയാണമ്മഹാത്മാവിൻവ്രതം'- ആരെക്കുറിച്ചാണ് കവി ഇങ്ങനെ പറയുന്നത് ?
(മുഹമ്മദ് നബിയെക്കുറിച്ച്, മഹാത്മാഗാന്ധിയെക്കുറിച്ച്, യേശുദേവനെക്കുറിച്ച്)
4) ഉണ്ണാവ്രതവുമായി അന്യരെ ഊട്ടുന്ന യജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്നത് ആര്?
(കുട്ടി, ഉമ്മ, നാട്ടുകാർ)
5) 'വെറുതെ നടക്കേണ്ട ഇതുകൂടി കയ്യിലിരിക്കട്ടെ' - ഇങ്ങനെ പറഞ്ഞതാര്?
(ജ്ഞാനി, കച്ചവടക്കാരന്റെ മകൻ, കച്ചവടക്കാരൻ)
6) 'വേദം' എന്ന കൃതി ഏതു സാഹിത്യ വിഭാഗത്തിൽപ്പെടുന്നു.?
(കഥ, ലേഖനം, കവിത)
7) ജ്ഞാനിയുടെ വാസസ്ഥലം എവിടെയാണ്?

(കുന്നിൻമുകളിൽ, കുന്നിൻചെരുവിൽ, പട്ടണത്തിൽ)

8) ഭാരതഭൂമി പ്രസവിച്ച കർമ്മയോഗിയായി വള്ളത്തോൾ വാഴ്ത്തുന്നതാരെ?

(യേശുദേവനെ, മഹാത്മാഗാന്ധിയെ, രന്തീദേവനെ)

9) 'ദേഷ്യം കുറച്ചല്ല വന്നതെനിക്ക് '. ആർക്ക്?

(നാട്ടുകാർക്ക്, കുട്ടിക്ക്, ഉമ്മയ്ക്ക്)

10) 'ആൽക്കെമിസ്റ്റ് 'എന്ന നോവൽ എഴുതിയതാര്?

(പൗലോ കൊയ്‌ലോ, രമാ മേനോൻ , പി സുരേന്ദ്രൻ)

11) 'അവരുടെ ചെറിയ ആവശ്യങ്ങൾക്ക് അവസാനമില്ല'. ആരുടെ ആവശ്യങ്ങൾക്കാണ് അവസാനമില്ലാത്തത്?

(അമ്മമ്മയുടെ മകളുടെ, അമ്മമ്മയുടെ പേരക്കുട്ടികളുടെ, കഥാകൃത്തിന്റെ)

12) 'തന്റെ വരവിന്റെ ഉദ്ദേശ്യം ജ്ഞാനിയെ അറിയിച്ചു'. ആരുടെ വരവിന്റെ ഉദ്ദേശ്യം ആണ് ജ്ഞാനിയെ അറിയിച്ചത് ?

(കഥാകൃത്തിന്റെ, കച്ചവടക്കാരന്റെ, കച്ചവടക്കാരന്റെ മകന്റെ)

**3)** അർത്ഥം എടുത്തെഴുതുക **(6x ½=3)**

1) പിശുനൻ

(ഏഷണിക്കാരൻ, ഉപേക്ഷിക്കുന്നവൻ, ദാനശീലൻ)

2) വടു

(താമസം, മനസ്സ്, പാട്)

3) ഇരക്കുക

(കോപിക്കുക, യാചിക്കുക, വിളമ്പുക)

4) കരണ്ടി

(വാൾ, സ്പൂൺ, കരവാളം)

5) തത്ര

(അവിടെ, അടുത്ത്, ഇവിടെ)

6) വിഹായസ്സ്

(ആരാമം, പർവ്വതം, ആകാശം)

**4)** എതിർലിംഗം എഴുതുക **(4x ½=2)**

1) ധീരൻ

(ധീര, ധീരി, ധീരു)

2) അധ്യാപകൻ

(അധ്യാപിക, അധ്യാപികി, അധ്യാപകി)

3) വിധവ

(വിധവി, വിധുരൻ, വിധുരി)

4) കാതരൻ

(കാതിര, കാതര, കാതരി)

**5)** പര്യായപദങ്ങൾ എടുത്തെഴുതുക **(7x 1=7)**

1) ബുദ്ധി

(മതി, ഉഡു, മഖം, മനീഷ)

2) മകൻ

(സുതൻ, ജനകൻ, തനയൻ, താതൻ)

3) യുദ്ധം

(സലിലം, രണം, ആഹവം, യാഗം)

4) സന്ന്യാസി

(ജനകൻ, ആത്മജൻ, യതി, താപസൻ)

5) താരകം

(ഉപലം, നക്ഷത്രം, ചകോരം, താരം)

6) വെള്ളം

(അന്ധു, ജലം, സലിലം, ഉദപാനം)

7) മുഖം

(ആനനം, ഓദനം, വദനം, വചനം)

**6)** വിഗ്രഹിച്ചെഴുതുക **(4x ½=2)**

1) സൂര്യകിരണങ്ങൾ

(സൂര്യനാകുന്ന കിരണങ്ങൾ, സൂര്യന്റെ കിരണങ്ങൾ, സൂര്യൻ എന്ന കിരണം)

2) ഹിംസാദോഷം

(ഹിംസ പോലുള്ള ദോഷം, ഹിംസ എന്ന ദോഷം, ഹിംസയാകുന്ന ദോഷം)

3) അമ്മവിളക്ക്

(അമ്മയെന്ന വിളക്ക്, അമ്മയാകുന്ന വിളക്ക്, അമ്മയുടെ വിളക്ക് )

4) തെളിനീര്

(തെളിവാകുന്ന നീര്, തെളിഞ്ഞ നീര്, തെളിയുന്ന നീര്)

**7)** ശരിയായ പദം തിരഞ്ഞെടുത്തെഴുതുക **(4x ½=2)**

1) തിരസ്ലീലകൾ, തിരശ്ശീലകൾ, തിരഷീലകൾ

2) കലാസൃഷ്ടി, കലാസ്രഷ്ടി, കലാസൃഷ്ഠി

3) പ്രൗഢഗംബീരം, പ്രൗഢഗംഭീരം, പ്രൗഡഗംഭീരം,

4) കല്പപാദപം, കല്പപാധപം, കല്പപാഥപം

**8)** നാനാർത്ഥപദങ്ങൾ എഴുതുക **(4x 1= 4)**

1) വർഷം 2) അർത്ഥം

3) ഇര 4) യോഗം

**9)** പിരിച്ചെഴുതി സന്ധി നിർണയിക്കുക **(4x 1= 4)**

1) പണിയെടുക്കുക 2) സമൃദ്ധമായ

3) പിഞ്ഞിക്കീറി 4) പുറത്തെടുത്തു

**10)** ചേർത്തെഴുതുക **(4x 1= 4)**

1) പ്രസിദ്ധൻ + ആയ 2) ചില്ലറ + തുട്ട്

3) പറഞ്ഞത് + ഒന്നും 4) ഇ + തവണ

**11)** വിപരീതപദം എഴുതുക **(4x 1=4)**

1) രഹസ്യം 2) നെടിയ

3) മൃദുലം 4) ആവശ്യം

**12)** പിരിച്ചെഴുതുക **(4x 1=4)**

1) അയാൾ 2) മീനില്ല

3) ചോറ്റുപാത്രം 4) എണ്ണയുണ്ട്

**13)** തെറ്റുണ്ടെങ്കിൽ തിരുത്തുക **(2x 1=2)**

1) ആ മകൾ അമ്മമ്മയുടെ ഒരേയൊരു ഏക മകൾ ആയിരുന്നു.

2) കൊട്ടാരത്തിലെ എണ്ണമറ്റ അനേകം കോണിപ്പടികൾ കയറിയും, ഇറങ്ങിയും അവൻ രണ്ടു മണിക്കൂർ കഴിച്ചുകൂട്ടി.

**14)** വാക്യത്തിൽ പ്രയോഗിക്കുക **(2x 1=2)**

1) മുഖം കറുപ്പിക്കുക 2) നിറവേറ്റുക

**15)** അർത്ഥവ്യത്യാസം എഴുതുക **(4x 1=4)**

1) സംഗരം - സംഗം 2) ഉദ്ദേശ്യം - ഉദ്ദേശം

3) യോഗം - യാഗം 4) പാവം - പാപം

**16)** നിങ്ങളുടെ പ്രദേശത്ത് കുന്നുകൂടിക്കിടക്കുന്ന മാലിന്യങ്ങൾ ഉടനെ നീക്കം ചെയ്യാൻ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജില്ലാകളക്ടർക്ക് ഒരു കത്ത് തയ്യാറാക്കുക **(5)**

**17)** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും 10 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. **(10x 2=20)**

1) അമ്മമ്മ പേരക്കുട്ടികളെ ഹോസ്റ്റലിൽ വിട്ടത് എന്തുകൊണ്ട്?

2) സന്ന്യാസി കച്ചവടക്കാരന്റെ മകനോട് എന്തു ചെയ്യാനാണ് ആദ്യം ആവശ്യപ്പെട്ടത് ?

3) 'അപ്പോൾ ഞാൻ കണ്ടു'. എന്താണ് കുട്ടി കണ്ടത്?

4) ഗാന്ധിജിയെ ആചാര്യൻ എന്ന് കവി വിശേഷിപ്പിക്കാൻ കാരണം എന്ത്?

5) ഉമ്മ വിതുമ്പിക്കൊണ്ട് എന്തുപദേശമാണ് കുട്ടിക്കു നൽകിയത്?

6) എന്തെല്ലാം കാഴ്ചകളാണ് രണ്ടാമത്തെ യാത്രയിൽ കച്ചവടക്കാരന്റെ മകൻ കണ്ടത്?

7) വൃദ്ധൻ പറഞ്ഞ കഥയുടെ ഗുണപാഠം എന്തായിരുന്നു?

8) മഹാന്മാരുടെ എന്തെല്ലാം ഗുണങ്ങളാണ് ഗാന്ധിജിയിൽ കവി കാണുന്നത്?

9) പേരക്കുട്ടികളുടെ അധ്യാപകരെ കണ്ട് അമ്മമ്മ പറയുന്ന കാര്യങ്ങൾ എന്തെല്ലാം?

10) ഗാന്ധിജിയെ കാണുമ്പോൾ ആരിലെല്ലാമാണ് മാറ്റങ്ങൾ ഉണ്ടാകുന്നത് ?

11) 'എന്റെ വേവലാതി അതൊന്നുമല്ല.' എന്താണ് കഥാകൃത്തിന്റെ വേവലാതി?

12) ആരോടെല്ലാമാണ് കവി ഗാന്ധിജിയെ താരതമ്യപ്പെടുത്തുന്നത്?

****